**കാർമ്മി:** കർത്താവേ, അങ്ങയുടെ ത്രിത്വത്തിൻെറ നിഗൂഢമായ ശക്തിയും അനന്തമായ അനുഗ്രഹവും നിരന്തരമായ സഹായവും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധ കന്യകാമറിയത്തിൻെറയും മാർ യൗസേപ്പിൻെറയും മറ്റുവിശുദ്ധരുടെയും (പ്രത്യേകമായി വി. ... ൻെറയും) സുകൃതങ്ങൾ പരിഗണിച്ചു ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ, കർത്താവേ അനുഗ്രഹിക്കണമേ.

## സമാപന പ്രാർത്ഥന

**കാർമ്മി:** നിത്യപിതാവിൻെറ പ്രകാശമായ മിശിഹായെ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ പാപങ്ങളെല്ലാം പൊറുത്ത് മനോജ്ഞമായ അങ്ങേ പ്രകാശത്തിലേക്കു ഞങ്ങളെ ആനയിക്കുകയും, ജീവിതത്തിലുണ്ടാകാവുന്ന എല്ലാ ഉപദ്രവങ്ങളിലുംനിന്ന് വിശുദ്ധ കുരിശിൻെറ ശക്തിയാൽ ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമേ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

-oOo-

# ലദീഞ്ഞ്, വേസ്പര



***ക്നാനായ കാത്തലിക് മിഷൻ***
***ചിക്കാഗോ***

*(For private use only)*

# ലദീഞ്ഞ്

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, / ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമേ / അങ്ങയുടെ രാജ്യം വരണമേ / അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകണമേ. / ഞങ്ങൾക്ക് ആവശ്യമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമേ. / ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ / ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. / ഞങ്ങളേ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. / ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. / എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, / അങ്ങയുടെ മഹത്വത്താൽ / സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. / മാലാഖമാരും മനുഷ്യരും / അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ / എന്ന് ഉദ്ഘോഷിക്കുന്നു.

## ലുത്തിനിയ

കർത്താവേ, കനിയണമേ
മിശിഹായേ, കനിയണമേ
കർത്താവേ, ഞങ്ങളണയ്ക്കും
പ്രാർത്ഥന സദയം കേൾക്കണമേ.

സ്വർഗ്ഗപിതാവാം സകലേശാ,
ദിവ്യാനുഗ്രഹമേകണമേ;
നരരക്ഷകനാം മിശിഹായേ,
ദിവ്യാനുഗ്രഹമേകണമേ.

ദൈവാത്മാവാം സകലേശാ,
ദിവ്യാനുഗ്രഹമേകണമേ;
പരിപാവനമാം ത്രിത്വമേ,
ദിവ്യാനുഗ്രഹമേകണമേ.



**3. മറ്റു വിശുദ്ധന്മാരുടെ തിരുനാളുകൾക്ക് (സ. 118).**

ദൈവപ്രമാണങ്ങൾ പാലിച്ചുകൊണ്ട്
നിഷ്കളങ്കരായി ജീവിക്കുന്നവർ
ഭാഗ്യവാന്മാരാകുന്നു.

അവിടുത്തെ ഇഷ്ടം നിറവേറ്റുന്നവരും
ഹൃദയപൂർവ്വം അവിടുത്തെ അന്വേഷിക്കുന്നവരും
ഭാഗ്യവാന്മാരാകുന്നു.

അവർ ദുഷ്ടത പ്രവർത്തിക്കാതെ
അങ്ങേ വഴികളിലൂടെ സഞ്ചരിക്കുന്നു.

അങ്ങേ നിയമങ്ങളെല്ലാം പാലിക്കണമെന്ന്
അങ്ങുന്നു കല്പിച്ചിട്ടുണ്ടല്ലോ.

അങ്ങേ പ്രമാണങ്ങളനുസരിക്കുവാൻ
എന്റെ മാർഗ്ഗങ്ങൾ ക്രമപ്പെടുത്തണമേ.

അങ്ങേ കല്പനപ്രകാരം ജീവിച്ചാൽ
ഞാൻ ഒരിക്കലും നിരാശനാവുകയില്ല.

അങ്ങേ നീതിവിധികൾ പഠിക്കുമ്പോൾ
നിഷ്കപടമായി ഞാൻ അങ്ങയോടു നന്ദിപറയും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, പ്രശാന്തമായ സായംകാലവും, ആശ്വാസപ്രദമായ രാത്രിയും, പ്രദീക്ഷാനിർഭരമായ പ്രഭാതവും, സൽപ്രവൃത്തികൾ നല്കിയ ദിവസവും നല്കി ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ ജീവിതകാലം മുഴുവനും അങ്ങയെ പ്രസാദിപ്പിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ, കർത്താവേ അനുഗ്രഹിക്കണമേ.

അവിടുത്തെ പ്രവർത്തികൽളെല്ലാം

മഹത്വവും കീർത്തിയും നിറഞ്ഞവയാകുന്നു.
അവിടുത്തെ നീതി എന്നും നിലനിൽക്കും.

തൻെറ അത്ഭുതകൃത്യങ്ങളുടെ ഓർമ്മ
അവിടുന്നു ശാശ്വതമാക്കി.

അവിടുത്തെ തിരുനാമം
പരിശുദ്ധവും ആരാദ്ധ്യവുമാകുന്നു.

ദൈവഭയം അറിവിൻെറ ആരംഭമാകുന്നു.;
അവിടുത്തെ ഭയപ്പെടുന്നവർ ബുദ്ധിമാന്മാരാകുന്നു;
അവിടുത്തെ മഹത്വം എന്നും നിലനിൽക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും ആമ്മേൻ.

**2. മാതാവിൻെറ തിരുനാളുകൾക്ക് (സ. 45)**

രാജപുത്രിയുടെ അഴകെല്ലാം
ആന്തരികമാകുന്നു.

അവളുടെ മേലങ്കി
പൊന്നു പൊതിഞ്ഞതാകുന്നു.

വിലയേറിയ കാഴ്ചകളുമായി
രാജാവിനെ അവൾ സന്ദർശിക്കും.

തോഴികളായ കന്യകമാർ
അവളെ അനുഗമിക്കും.

അവർ ഉല്ലാസഭരിതരായി
രാജകൊട്ടാരത്തിൽ പ്രവേശിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും ആമ്മേൻ.



## ന. കർത്താവിൻെറ തിരുനാളുകൾക്ക്

നൃപനാം മിശിഹാ കർത്താവേ,
നിത്യപിതാവിൻ പ്രിയസൂനോ;
മർത്യകുലത്തിൻ രക്ഷകനേ,
ദിവ്യാനുഗ്രഹമേകണമേ.

നരനുടെ നിലവിലി കേട്ടവനേ,
നരനെത്തേടിയണഞ്ഞവനേ,
കനിവുനിറഞ്ഞൊരു നല്ലിടയാ,
ദിവ്യാനുഗ്രഹമേകണമേ.

പാപം പൂട്ടിയ നാകത്തിൻ
പാവനവാതിൽ തുറന്നവനേ,
മാനവനാശ പകർന്നവനേ,
ദിവ്യാനുഗ്രഹമേകണമേ.

അദ്ധ്വാനിച്ചു വലഞ്ഞവനും
ഭാരമെടുത്തു കുഴ്ഞ്ഞവനും
സാന്ത്വനമരുളിയ ഗുരുനാഥാ,
ദിവ്യാനുഗ്രഹമേകണമേ.

മർത്യനു നേർവഴികാട്ടിടുവാൻ
അത്തലകറ്റി നയിച്ചിടുവാൻ
കൂരിരുൾ നീക്കിയുദിച്ചവനേ,
ദിവ്യാനുഗ്രഹമേകണമേ.

പുതിയൊരു കൽപന നല്കിടുവാൻ
പുതിയൊരു ജീവനുണർത്തിടുവാൻ
ധരണിയിൽ വന്നു പിറന്നവനേ,
ദിവ്യാനുഗ്രഹമേകണമേ.

ദിവ്യശരീരം ഭോജനമായ്
മാനവനേകിയ ദൈവസുതാ,
കരുണാനിധിയാം കർത്താവേ,
ദിവ്യാനുഗ്രഹമേകണമേ.

വിനയത്തിൻ തിരുദർപ്പണമേ,
ശാന്തഗുണത്തിൻ പാർപ്പിടമേ,
ദുഃഖിതനൂഴിയിലാശ്രയമേ,
ദിവ്യാനുഗ്രഹമേകണമേ.

## മാതാവിൻെറ തിരുനാളുകൾക്ക്

കന്യാമേരീ, വിമലാംബേ,
ദൈവകുമാരനു മാതാവേ,
രക്ഷകനൂഴിയിലംബികയേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

നിതരാം നിർമ്മല മാതാവേ,
കറയില്ലാത്തൊരു കന്യകയേ,
നേർവഴികാട്ടും ദീപശിഖേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

നിത്യമഹോന്നത കന്യകയേ,
വിവേകമതിയാം കന്യകയേ,
വിശ്രുതയാം സുരകന്യകയേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

വിശ്വാസത്തിൻ നിറകുടമേ,
കാരുണ്യത്തിൻ നിലയനമേ,
നീതി വിളങ്ങും ദർപ്പണമേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

വിജ്ഞാനത്തിൻ വേദികയേ,
മാനവനുത്സവ ദായികയേ,
ദൈവികമാം പനിനീർസുമമേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ദാവീദിൻ തിരു ഗോപുരമേ,
നിർമ്മല ദന്ത ഗോപുരമേ,
പൊന്നിൻ പൂമണി മന്ദിരമേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

വാഗ്ദാനത്തിൻ പേടകമേ,
സ്വർല്ലോകത്തിൻ ദ്വാരകമേ,
പുലർകാലത്തിൻ താരകമേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

രോഗമിയന്നവനാരോഗ്യം
പകരും കരുണാസാഗരമേ,
പാപിക്കവനിയിലാശ്രയമേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

കേഴുന്നോർക്കു നിരന്തരമായ്
സാന്ത്വനമരുളും മാതാവേ,
ക്രിസ്തുജനത്തിൻ പാലികയേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

വാനവ നിരയുടെ രാജ്ഞീ,
ബാവാന്മാരുടെ രാജ്ഞീ,
ശ്ലീഹന്മാരുടെ രാജ്ഞീ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

കന്യകമാരുടെ രാജ്ഞീ,
വന്ദകനിരയുടെ രാജ്ഞീ,
രക്താങ്കിതരുടെ രാജ്ഞീ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

സിദ്ധന്മാരുടെ രാജ്ഞീ,
ഭാരതസഭയുടെ രാജ്ഞീ,
അമലോത്ഭവയാം രാജ്ഞീ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ശാന്തി ജഗത്തിനു നൽകും
നിത്യവിരാജിത രാജ്ഞീ,
സ്വർഗ്ഗാരോപിത രാജ്ഞീ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

## വിശുദ്ധന്മാരുടെ തിരുനാളുകൾക്ക്

വിശുദ്ധിവിരിയും പാതകളിൽ
ചരിച്ചു നാഥനു സമ്മോദം
നിറച്ച പാവന ധീരാത്മാ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ക്രൂശിതനായൊരു ദൈവത്തിൻ
പൂജിതമാം തിരുമാതൃകയാൽ
കുരിശിൻ പാത പുണർന്നവനേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ആനന്ദത്തിലുമല്ലലിലും
പ്രീതി മഹേശനു ചേർത്തൊടുവിൽ
നിത്യകിരീടമണിഞ്ഞവനേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

വിനീതനായ വിശുദ്ധാത്മാ,
വിരിഞ്ഞുപൊന്തിയ വിണ്മലരേ,
നിറഞ്ഞനീതി പുണർന്നിടുവാൻ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ലോകവുമതിനുടെ ആശകളും
ധീരതയാർന്നുവെടിഞ്ഞവനേ,
വിനയത്തിൻ തിരുമാതൃകയേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ഉലകിൻ മോഹനദീപം നീ,
ധരയുടെ ശാശ്വത ലവണം നീ,
മലയിലുയർന്നൊരു നഗരം നീ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

ഉപവാസത്തിൻ പാതകളിൽ
പ്രാർത്ഥന തീർത്തൊരു ദീപവുമായ്
പാഞ്ഞു കിരീടമണിഞ്ഞവനേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

സ്വർഗ്ഗതലത്തു മഹോന്നതമാം
നിക്ഷേപങ്ങൾ നിറച്ചവനേ,
ചിന്തകൾ വിണ്ണിലുയർത്തിടുവാൻ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.



### നമുടെ കർത്താവിന്റെ തിരുനാളുകൾക്ക്

**കാർമ്മി:** അങ്ങിൽ അഭയം തേടുന്നവരെ അനുഗ്രഹിക്കുന്ന കാരുണ്യവാനായ കർത്താവേ, അങ്ങയുടെ കൃപയുടെ വാതില്ക്കൽ മുട്ടിവിളിക്കുന്ന പാപികളായ ഞങ്ങളുടെ പ്രർത്ഥന കേൾക്കണമേ. നിർമ്മലമായ ഹൃദയത്തോടും പരിശുദ്ധമായ മനസ്സാക്ഷിയോടും കൂടെ അങ്ങയെ ശുശ്രൂഷിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

### വിശുദ്ധരുടെ തിരുനാളുകൾക്ക്

**കാർമ്മി:** അത്ഭുതകരമായ വരങ്ങളാൽ വിശുദ്ധരെ അലങ്കരിക്കുവാൻ തിരുവുള്ളമായ ദൈവമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന വിശുദ്ധ ... ന്റെ സുകൃതങ്ങൾ പരിഗണിച്ചുകൊണ്ട് ഞങ്ങൾക്കു തുണയും സങ്കേതവും ദുഷ്ട സൈന്യങ്ങളിൽനിന്നു സംരക്ഷണവും നല്കി നിത്യസൗഭാഗ്യത്തിലേക്കു ഞങ്ങളെ ആനയിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

*(ധൂപം വെഞ്ചരിച്ച്ശേഷം രൂപവും അൾത്താരയും ധൂപിക്കുമ്പോൾ സമൂഹം രണ്ടു ഗണമായിൽ ചൊല്ലുന്നു).*

**1. നമ്മുടെ കർത്താവിന്റെ തിരുനാളുകൾക്ക് (സ. 11)**

നിതിമാന്മാരുടെ സമൂഹത്തിൽ
ഹൃദയപൂർവ്വം ഞാൻ കർത്താവിനെ സ്തുതിക്കും.

അവിടുത്തെ പ്രവർത്തികൾ മഹനീയങ്ങളാകുന്നു.
അവിടുത്തെ സ്നേഹിക്കുന്നാവരെല്ലാം
അവയെപ്പറ്റി ധ്യാനിക്കുന്നു.

നീതിമാനാം ...

**രക്തസാക്ഷികളുടെ തിരുനാളുകൾക്ക്**

പാവനമോഹനവിശ്വാസത്തിന്നായ്
ചോരചൊരിഞ്ഞു കിരീടമണിഞ്ഞവനേ,
മൃതിയാലുന്നതശാന്തി വഴിഞ്ഞൊഴുകും
പുതിയൊരു ഗാനമുണർത്തിയ ധീരാത്മാ,

ഞങ്ങളിലെന്നുമചഞ്ചല വിശ്വാസം
തിങ്ങിവളർന്നു ഫലങ്ങൾനിറഞ്ഞിടുവാൻ
നിന്നുടെ നിർമ്മല ജീവിത യോഗ്യതയാൽ
നിത്യമനുഗ്രഹമേകണമഖിലേശൻ.

**5. കന്യകമാരുടെ തിരുനാളുകൾക്ക്**

ദിവ്യനാഥനുൾ പ്രമോദമേറ്റുവാൻ
സർവ്വവും പരിത്യജിച്ച കന്യകേ,
നാകലോക ജീവിതം നയിക്കുവാൻ
ത്യാഗവേദി കൈവരിച്ച കന്യകേ.

സന്തതം സ്വതന്ത്രനായ്പ്പറന്നിടാൻ
ഉന്നതത്തിലീശനെപ്പുണർന്നിടാൻ
മിന്നിടുന്നതൊക്കെയും ത്യജിച്ചിദം
മണ്ണിൽനിന്നുവിണ്ണിലേയ്ക്കുയർന്നു നീ.

**6. മറ്റു വിശുദ്ധന്മാരുടെ തിരുനാളുകൾക്ക്**

ലോകത്തിൻ വഴികളിലുഴലാതെ
പാപത്തിൻ പാതകൾ പുണരാതെ
ദൈവത്തിൻ പരിമളപൂവനിയിൽ
പനിമലരായ് വന്നൊരു പുണ്യാത്മാ.

മാമലമേലുയരും നഗരം നീ
മോഹനമാം നിർമ്മല ദീപം നീ;
ധരയിന്മേൽ മർത്യനു മാതൃക നീ
വിനയമൊടെ വന്ദനമരുളുന്നു.



| **പുണ്യവതിമാരുടെ തിരുനാളുകൾക്ക്** | |
|---|---|
| വിശുദ്ധിവിരിയും പാതകളിൽ<br>ചരിച്ചു നാഥനു സമ്മോദം<br>നിറച്ച പാവന ധീരാത്മാ,<br>പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്. | ലോകവുമതിനുടെ ആശകളും<br>ധീരതയാർന്നുവെടിഞ്ഞവൾനീ,<br>വിനയത്തിൻ തിരുമാതൃകയേ,<br>പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്. |
| ക്രൂശിതനായൊരു ദൈവത്തിൻ<br>പൂജിതമാം തിരുമാതൃകയാൽ<br>കുരിശിൻ പാത പുണർന്നവൾനീ,<br>പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്. | ഉലകിൻ മോഹന ദീപം നീ,<br>ധരയുടെ ശാശ്വത ലവണം നീ,<br>മലയിലുയർന്നൊരു നഗരം നീ,<br>പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്. |
| ആനന്ദത്തിലുമല്ലലിലും<br>പ്രീതി മഹേശനു ചേർത്തൊടുവിൽ<br>നിത്യകിരീടമണിഞ്ഞവൾനീ,<br>പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്. | ഉപവാസത്തിൻ പാതകളിൽ<br>പ്രാർത്ഥന തീർത്തൊരു<br>ദീപവുമായ്<br>പാഞ്ഞുകിരീടമണിഞ്ഞവളേ,<br>പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്. |
| വിനീതയായ വിശുദ്ധാത്മാ,<br>വിരിഞ്ഞുപൊന്തിയ വിണ്മലരേ,<br>നിറഞ്ഞ നീതി പുണർന്നിടുവാൻ<br>പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്. | സ്വർഗ്ഗതലത്തു മഹോന്നതമാം<br>നിക്ഷേപങ്ങൾ നിറച്ചവളേ,<br>ചിന്തകൾ വിണ്ണിലുയർത്തിടുവാൻ<br>പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്. |

ലോകത്തിൻ പാപങ്ങൾ താങ്ങും
ദൈവത്തിൻ മേഷമേ, നാഥാ,
പാപം പോറുക്കേണമേ.

ലോകത്തിൻ പാപങ്ങൾ താങ്ങും
ദൈവത്തിൻ മേഷമേ, നാഥാ,
പ്രാർത്ഥന കേൾക്കേണമേ.

ലോകത്തിൻ പാപങ്ങൾ താങ്ങും
ദൈവത്തിൻ മേഷമേ, നാഥാ,
ഞങ്ങളിൽക്കനിയേണമേ.

*(കാർമ്മികൻ ബലിപീഠം ധൂപിക്കുമ്പോൾ)*

***ഗാനം:*** മിശിഹാ കർത്താവേ, നരകുലപാലകനേ,
ഞങ്ങളണച്ചിടുമീ പ്രാർത്ഥന തിരുമുമ്പിൽ
പരിമളമിയലും ധൂപംപോൽ കൈക്കൊണ്ടരുളേണം.

***കാർമ്മി:*** ആത്മീയവും ശാരീരികവുമായ എല്ലാവരങ്ങളാലും പരിശുദ്ധ കന്യകാമറിയത്തെ അലങ്കരിച്ച ദൈവമേ, ആ കന്യകയുടെ യോഗ്യത കൾ പരിഗണിച്ച് ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കണമേ. നീതിമാനായ മാർ യൗസേപ്പിന്റെയും സകല വിശുദ്ധരുടെയും സുകൃതങ്ങളും പ്രാർത്ഥനകളും ഞങ്ങളെ സഹായിക്കുമാറാകട്ടെ.

തിരുസഭയുടെ മേലദ്ധ്യക്ഷന്മാരെ സംരക്ഷിക്കുകയും അവർക്കു ഭരമേൽ പിക്കപ്പെട്ടിരിക്കുന്നവരെ വിശ്വാസത്തിൽ ഉറച്ചവരും സുകൃതങ്ങളിൽ തീക്ഷ്ണതയുള്ളവരുമാക്കിത്തീർക്കുവാൻ അവരെ സഹായിക്കുകയും ചെയ്യണമേ.

പ്രത്യേകമായി തിരുസ്സഭയുടെ അധിപനായ മാർ ... പാപ്പായ്ക്കു വേണ്ടിയും ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ ... ശ്രേഷ്ട മെത്രാപ്പോലീത്താക്കുവേണ്ടിയും ഞങ്ങളുടെ പിതക്കന്മാരായ ... വേണ്ടിയും അവരുടെ സഹപ്രവർത്തകർക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഈ തിരുനാളിനു കാരണഭൂതനായ (യായ) വിശുദ്ധ ... ന്റെ സുകൃത ങ്ങളെക്കുറിച്ച് ആത്മീയവും ശാരീരികവുമായ എല്ലാ സഹായങ്ങളും നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ. (ഈ തിരുനാൾ നടത്തുന്നവ രേയും അവരുടെ കുടുംബാംഗങ്ങളെയും ആശീർവ്വദിക്കണമേ). പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

*(കാർമ്മികൻ ജനങ്ങളെ വിശുദ്ധ ജലം തളിക്കുമ്പോൾ).*

## ഗാനം

| ന. കർത്താവിന്റെ തിരുനാളുകൾക്ക് | |
|---|---|
| കനിവൊടു നരനെ സൃഷ്ടിച്ചു;<br>കുരിശാലവനെ രക്ഷിച്ചു;<br>സ്വർഗ്ഗവുമവനു തുറന്നരുളി. | 'അന്വേഷിപ്പിൻ കണ്ടെത്തും;<br>മുട്ടുന്നവനു തുറക്കുന്നു;<br>ചോദിപ്പവനു ലഭിക്കുന്നു.' |
| ആരഖിലേശാ വർണ്ണിക്കും<br>ചിതമായ് നിന്നുടെ കാരുണ്യം<br>നിസ്തുലമങ്ങേ നന്മകളും? | കർത്താവേ, നിൻ വാതിൽക്കൽ<br>പാപികൾ മുട്ടിവിളിക്കുമ്പോൾ<br>സദയം വാതിൽ തുറക്കണമേ. |



## സായാഹ്ന ഗീതം

**1. കർത്താവിന്റെ തിരുനാളുകൾക്ക്**

അനുതാപികളെ കൈക്കോൾവാൻ
അവനിയിൽ വന്നു പിറന്നോനേ,
പാപിക്കഭയം നല്കിയ നിൻ
കരുണയിലഭയം തേടുന്നേൻ
അപകടമെങ്ങും പെരുകുമ്പോൾ
നിൻകരമെന്നുടെയവലംബം.

നിർമ്മലമാനസനാബേലിൻ
പാവനബലി നീ കൈക്കൊണ്ടു;
അബ്രാഹത്തിൻ കാഴ്ചകളും
തിരുസ്സന്നിധിയിൽ പ്രിയമേകി;
ഞങ്ങളണയ്ക്കും പ്രാർത്ഥനകൾ
കൈക്കൊള്ളണമേ കർത്താവേ.

**2. മാതാവിന്റെ തിരുനാളുകൾക്ക്**

ദൈവിക ദൂതൻ നസറസ്സിൽ
കന്യാംബികയുടെ ഭവനത്തിൽ
മംഗളമരുളാനാഗതനായ്;
പുരുനന്മകളാൽ പൂരിതയാം
മേരീ, വന്ദന; മഖിലേശൻ
നിയതം നിന്നിൽ വാഴുന്നു.

സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നീ
നിൻ തിരുസുതനാമീശോയും
വാഴ്ത്തപ്പെട്ടവനാകുന്നു.
മനുജകുലത്തിൻ മാതൃക നീ
വാനവനിരയുടെ അഭിമാനം
പാരിനുശാശ്വതമാശ്രയവും.

**3. വി. യൗസേപ്പിന്റെ തിരുനാളുകൾക്ക്**

നീതിമാനാം യൗസേപ്പേ, ക്രിസ്തുവിൻ പിതാവേ,
വണങ്ങുന്നു സാദരം നിൻപദം ഞങ്ങൾ-
ലോകപാലകനാം ദൈവസുതനെ
കാത്തുപോന്നവനേ,
ദൈവസന്നിധിയിൽ പ്രീതിയേകിയ
പുണ്യതാരകമേ.

**ശിശ്രൂഷി:** ഈ തിരുനാളാഘോഷങ്ങളുടെ വിജയത്തിനായി സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്ന എല്ലാവരെയും അവരുടെ കുടുംബങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശിശ്രൂഷി:** നമ്മെ ഓരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ:** ആമ്മേൻ.

**കാർമ്മി:** കർത്താവേ, ബലവാനായ ദൈവമേ, ഞങ്ങളുടെ ആത്മാവിനെയും ശരീരത്തെയും ഞങ്ങൾ അങ്ങേക്കു സമർപ്പിക്കുന്നു. ഞങ്ങളുടെ പാപങ്ങൾ പൊറുത്തു ഞങ്ങളെ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

ശബ്ദമുയർത്തിപ്പാടിടുവിൻ
സർവ്വരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവ്വേശ്വരനേ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവ്വേശാ
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്യനേ,
നിൻകൃപ ഞങ്ങൾക്കേകണമേ.

**കാർമ്മി:** ബലവാനാം നിത്യ ദൈവമേ,
പരിശുദ്ധൻ നിത്യ ദൈവമേ,
പ്രീതനായ് വിശുദ്ധരിൽ
വാണിടും മഹേശ്വരാ,
നിൻകടാക്ഷമേകണേ
നിൻ വരങ്ങൾ തൂകണേ.

**സമൂ:** നിൻകടാക്ഷമേകണേ
നിൻ വരങ്ങൾ തൂകണേ.



## മാതാവിൻെറ തിരുനാളുകൾക്ക്

അമലോത്ഭവയാം മാതാവേ–നിൻ
പാവന പാദം ചേരുന്നു;
കനകാലയമേ, കന്യാംബേ,
പരലോകത്തിൻ വാതിൽ നീ.

കദനം തിങ്ങിയിതാ ഞങ്ങൾ–നിറ
കണ്ണുകളോടെ കേഴുന്നു;
കരുണ നിറഞ്ഞൊരു നാഥേ, നീ
വിരവൊടു തൃക്കൺപാർക്കണമേ.

നിത്യമനോഹര സൗഭാഗ്യം–നിൻ
സുതനുടെ കനിവാൽ നേടീടാൻ
സുതവത്സലയാം മാതാവേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

## മറ്റു വിശുദ്ധരുടെ തിരുനാളുകൾക്ക്

ലോകത്തിൻ വഴികളിലുഴലാതെ
പാപത്തിൻ പാതകൾ പുണരാതെ
ദൈവത്തിൻ പരിമളപൂവനിയിൽ
പനിമലരായ് വന്നൊരു —
പുണ്യാത്മാ.

മാമലമേലുയരും നഗരം നീ
മോഹനമാം നിർമ്മല ദീപം നീ;
ധരയിന്മേൽ മർത്യനു മാതൃക നീ
വിനയമൊടെ വന്ദനമരുളുന്നു.

ലോകത്തിൻ ...

## ന. കർത്താവിൻെറ തിരുനാളുകൾക്ക്

**കാർമ്മി:** അങ്ങയിൽ അഭയം തേടുന്നവരെ അനുഗ്രഹിക്കുന്ന കാരുണ്യവാനായ കർത്താവേ, അങ്ങയുടെ കൃപയുടെ വാതിൽക്കൽ മുട്ടിവിളിക്കുന്ന പാപികളായ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. നിർമ്മല ഹൃദയത്തോടും പരിശുദ്ധ മനസ്സാക്ഷിയോടുംകൂടെ അങ്ങയെ ശുശ്രൂഷിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയുടെ തിരുമനസ്സിനു യോജിച്ചവിധത്തിൽ ഞങ്ങളുടെ ഉദ്ദിഷ്ടകാര്യം സാധിച്ചുതന്നുകോണ്ട് ഞങ്ങളെയും ഞങ്ങളുടെ കുടുംബാഗങ്ങളേയും സമൃദ്ധമായി അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## വിശുദ്ധരുടെ തിരുനാളുകൾക്ക്

**കാർമ്മി:** അത്ഭുതകരമായ വരങ്ങളാൽ വിശുദ്ധരെ അലങ്കരിക്കുവാൻ തിരുവുള്ളമായ ദൈവമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന വിശുദ്ധ ...ൻെറ സുകൃതങ്ങൾ പരിഗണിച്ചുകൊണ്ട് ഞങ്ങളുടെ ആവശ്യങ്ങളിൽ ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ തിരുമനസ്സിനു യോജിച്ചവിധത്തിൽ ഞങ്ങളുടെ ഉദ്ദിഷ്ടകാര്യം സാധിച്ചുതന്നുകൊണ്ട് ഞങ്ങളേയും

ഞങ്ങളുടെ കുടുംബാംഗങ്ങളേയും സമൃദ്ധമായി അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

*(തിരുശേഷിപ്പുകൊണ്ടോ കുരിശുരൂപംകൊണ്ടോ കാർമ്മികൻ ജനങ്ങളെ ആശിർവ്വദിക്കുന്നു).*

## സമാപന ഗാനം

ഞാനെൻ നാഥനെ വാഴ്ത്തുന്നു
മോദം പൂണ്ടു പുകഴ്ത്തുന്നു;
എളിയൊരു ദാസിയെ നിഖിലേശൻ
കനിവൊടു തൃക്കൺ പാർത്തല്ലോ.

രക്ഷകനലിവു നിറഞ്ഞെന്നിൽ
ദിവ്യവരങ്ങൾ ചൊരിഞ്ഞതിനാൽ
ഇന്നുതുടങ്ങി തലമുറകൾ
വാഴ്ത്തിടുമെന്നെ നിരന്തരമായ്.

ഭക്തജനത്തിനു സകലേശൻ
നിത്യമനുഗ്രഹമരുളുന്നു.;
ഗർവ്വിതനപജയമേറ്റുന്നു
ബലമൊടു വിജയം നേടുന്നു.

എളിയ ജനത്തെ വളർത്തുന്നു;
ബലമുള്ളവരെ താഴ്ത്തുന്നു;
ധനികർക്കൊന്നും നല്കാതെ
പശിയുള്ളവരെ പോറ്റുന്നു.

അബറാമിനൊടും തനയരൊടും
പണ്ടേ ചെയ്തൊരു വാഗ്ദാനം
ദൈവം കരുണയൊടോർത്തല്ലോ
തുണയിസ്രേലിനു ചെയ്തല്ലോ.

-oOo-



അവർക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്നവരെ വിശ്വാസത്തിൽ ഉറച്ചവരും സുകൃതങ്ങളിൽ തീക്ഷ്ണതയുള്ളവരുമാക്കിത്തീർക്കുവാൻ അവരെ സഹായിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശിശ്രൂഷി:** പ്രത്യേകമായി തിരുസ്സഭയുടെ അധിപനായ മാർ ... പാപ്പായ്ക്കുവേണ്ടിയും ഞങ്ങളുടെ സഭ്യുടെ തലാനും പിതാവുമായ മാർ ... ശ്രേഷ്ട മെത്രാപ്പോലീത്താക്കുവേണ്ടിയും, ഞങ്ങളുടെ പിതാക്കന്മാരായ മാർ ... വേണ്ടിയും, അവരുടെ സഹപ്രവർത്തകർക്കു വേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശിശ്രൂഷി:** നിർമ്മല ഹൃദയത്തോടും പരിശുദ്ധ മനസ്സാക്ഷിയോടുംകൂടെ അങ്ങയെ ശുശ്രൂഷിക്കുവാനുള്ള അനുഗ്രഹം അങ്ങേ വൈദികർക്കും ശെമ്മാശന്മാർക്കും മറ്റുവിശ്വാസികൾക്കും പ്രദാനം ചെയ്യണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശിശ്രൂഷി:** ഞങ്ങളുടെ മാതാപിതാക്കന്മാർ സഹോദരീസഹോദരന്മാർ ബന്ധുമിത്രാദികൾ ആദിയായവർക്കുവേണ്ടിയും, മരിച്ചുപോയ സകല വിശ്വാസികൾക്കും വേണ്ടിയും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശിശ്രൂഷി:** രോഗികൾക്കു സുഖവും, ആസന്ന മരണർക്കു സമാധാനവും നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശിശ്രൂഷി:** അനാഥരെയും ദരിദ്രരെയും സംരക്ഷിക്കണമെന്നും ആത്മീയമോ ശാരീരികമോ ആയ പീഡകൾ സഹിക്കുന്നവരെ ആശ്വസിപ്പിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

## സുവിശേഷം

**കാർമ്മി:** സമാധാനം + നിങ്ങളോടുകൂടെ.

**സമൂ:** അങ്ങയോടും അങ്ങയുടെ ആത്മാവോടും കൂടെ.

**കാർമ്മി:** വിശുദ്ധ ... അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം.

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

*(തിരുനാളിനു യോജിച്ച സുവിശേഷഭാഗം വായിക്കുന്നു).*

## പ്രസംഗം

## സമൂഹ പ്രാർത്ഥന

**ശിശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷ്ത്തോടും ഭക്തിയോടും കൂടെ നിന്നു കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്ന് അപേക്ഷിക്കാം.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശിശ്രൂഷി:** ക്രിസ്തീയ സഭകളുടെ ഐക്യത്തിനും അഭിവൃദ്ധിക്കും വേണ്ടി ഞങ്ങൾ പ്രർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശിശ്രൂഷി:** ലോകരാഷ്ട്രങ്ങളുടെ സമാധാനത്തിനും സുസ്ഥിതിക്കും സഹവർത്തിത്വത്തിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശിശ്രൂഷി:** ഞങ്ങളുടെ നാടിനെയും നഗരത്തെയും, പ്രത്യേകമായി ഞങ്ങളുടെ സമൂഹത്തെയും പരിപാലിച്ചനുഗ്രഹിക്കുകയും, അപകടങ്ങളിൽ നിന്നു രക്ഷിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശിശ്രൂഷി:** തിരുസ്സഭയുടെ മേലദ്ധ്യക്ഷന്മാരേ സംരക്ഷിക്കണമെന്നും,



# വേസ്പര

**കാർമ്മി:** പിതാവിൻെറയും + പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** ഉന്നതങ്ങളിൽ മഹേശ്വരന്നു കീർത്തനം.

**സമൂ:** നരനു ഭൂമിയിൽ ശാന്തിയും പ്രത്യാശയും.

***പകരം***

**കാർമ്മി:** അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവ്വേശനു സ്തുതിഗീതം

**സമൂ:** ഭൂമിയിലെങ്ങും മർത്യനു ശാന്തി
പ്രത്യാശയുമെന്നേക്കും

**കാർമ്മി:** സ്വർഗ്ഗത്തിൽ വാഴും പിതാവാം ദൈവമേ
നിൻ നാമം പൂജിതമായിടേണം;
നിന്നുടെ രാജ്യമീ ഭൂവിൽവരേണം;
പരിശുദ്ധനാകുന്നു നീ.

**സമൂ:** നിൻ ദിവ്യകീർത്തന ഗീതങ്ങളാൽ
ഭൂവിണ്ഡലങ്ങൾ നിറഞ്ഞുനില്പൂ
മാലാഖമാരും മാനവരും
പരിശുദ്ധൻ നീയെന്നു കീർത്തിക്കുന്നു.

**കാർമ്മി:** സ്വർഗ്ഗത്തിൽ വാഴും പിതാവാം ദൈവമേ
നിൻ നാമം പൂജിതമായിടേണം;
നിന്നുടെ രാജ്യമീ ഭൂവിൽവരേണം;
നിൻചിത്തം സ്വർല്ലോകത്തെന്നപോലെ
നിറവേറണം നിത്യമൂഴിമേലും.

**സമൂ:** വേണ്ടുന്ന ഭോജ്യങ്ങളെല്ലാം
ഞങ്ങൾക്കു നീ നല്കിടേണം;
നരരോടു ഞങ്ങൾ പോറുക്കുന്നപോൽ
ഞങ്ങളുടെ പാപങ്ങളെല്ലാം
കനിവോടു നിത്യം പൊറുക്കേണമേ.

പാപത്തിൽ വീഴാതെ കാത്തീടണേ;
തിന്മയിൽ നിന്നു നീ രക്ഷിക്കണേ;
രാജ്യവും ശക്തിമഹത്വങ്ങളെല്ലാം
നിൻേറതാകുന്നു നിത്യം.

*പകരം*

**കാർമ്മി:**
സ്വർഗ്ഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

**സമൂ:**
സ്വർഗ്ഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗ്ഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
നിൻ ഹിതമിവിടെ ഭവിക്കണമേ.

സ്വർഗ്ഗത്തെന്നതുപോലുലകിൽ
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതു പോൽ
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കടബാദ്ധ്യതയും
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും
ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽനിന്നെന്നും
ഞങ്ങളേ രക്ഷിച്ചരുളണമേ.

എന്തെന്നാമെന്നാളേയ്ക്കും
രാജ്യം ശക്തി മഹത്ത്വങ്ങൾ
താവകമല്ലോ കർത്താവേ
അമ്മേനാമ്മേനെന്നേക്കും.

**കാർമ്മി:**
താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

**സമൂ:**
സ്വർഗ്ഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗ്ഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം;
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.



ഞാൻ വലത്തേക്കു തിരിഞ്ഞുനോക്കി;
എന്നെ അറിയുന്നവർ ആരുമില്ല.

ഓടിയൊളിക്കുവാൻ എനിക്കിടമില്ല;
എന്നെ രക്ഷിക്കുവാൻ ആളുമില്ല.

ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു;
കർത്താവേ, അങ്ങ് എൻേറ അഭയമാണല്ലോ.

ജനപദങ്ങളേ, കർത്താവിനെ സ്തുതിക്കുവിൻ;
ഭൂവാസികളേ, കർത്താവിനെ പുകഴ്ത്തുവിൻ.

അവിടുത്തെ സ്നേഹം അനന്തമാകുന്നു;
തൻേറ വാഗ്ദാനം അവിടുന്നു പാലിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി:** കർത്താവേ, അങ്ങേ ദാസരായ ഞങ്ങളുടെ പ്രാർത്ഥന കേൾക്കുകയും, പാപികളായ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. എന്തെന്നാൽ അങ്ങു ഞങ്ങളുടെ ശരീരത്തിന് അരോഗ്യവും ആത്മാവിനു പ്രകാശവും നല്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## അനുഗീതം

എല്ലാമറിയുന്നു ദൈവം മനുജൻേറ
ഗൂഢവിചാരങ്ങൾ
വാകും ചെയ്തികളും നിഖിലം മറയെന്യേ
തെളിവായ്ക്കാണുന്നു.

നിറയും മോദമൊടെ വാനിൽ വാണരുളും
പരിശുദ്ധന്മാരേ,
കൃപയും മോചനവും ഞങ്ങൾ നേടിടുവാൻ
നിതരാം പ്രാർത്ഥിപ്പിൻ.

കർത്താവേ, എൻെറ ഈ പ്രാർത്ഥന
എൻെറ സായാഹ്നബലിയായി സ്വീകരിക്കണമേ.

എൻെറ നാവിനും അധരങ്ങൾക്കും
അങ്ങു കാവൽ നിറുത്തണമേ.

ദുഷ്പ്രവർത്തികൾ ചെയ്യുവാനും
ദുഷ്ടന്മാരോടു സഹവസിക്കുവാനും
അങ്ങുന്ന് എന്നെ അനുവദിക്കരുതെ.

നീതിമാനായ മനുഷ്യൻ
എന്നെ പഠിപ്പിക്കുകയോ ശാസിക്കുകയോ ചെയ്യട്ടെ.

ദുഷ്ടന്മാരുടെ തൈലം കൊണ്ട്
എൻെറ ശിരസ്സു പൂശുവാൻ അനുവദിക്കരുതേ.

എൻെറ പ്രാർത്ഥന എപ്പോഴും
അവരുടെ പ്രവർത്തികൾക്കെതിരാകുന്നു.

അവരുടെ വിധികർത്താക്കൾ
കനത്ത കൈകളാൽ തടയപ്പെട്ടു.

എൻെറ വാകുകൾ സ്നേഹമസൃണമായിരുന്നുവെന്ന്
അപ്പോൾ അവർക്കു മനസ്സിലായി.

ഉച്ചത്തിൽ ഞാൻ കർത്താവിനെ വിളിക്കുന്നു;
ഉച്ചത്തിൽ ഞാൻ കേണപേക്ഷിക്കുന്നു.

എൻെറ ഹൃദയം നീറുമ്പോൾ
എൻെറ സങ്കടങ്ങളും പീഡകളും
ഞാൻ അവിടുത്തെ അറിയിക്കും.

എൻെറ വഴികളെല്ലാം
അങ്ങുന്ന് അറിയുന്നുവല്ലോ.

ഞാൻ സഞ്ചരിക്കുന്ന വഴികളിൽ
അവരെനിക്കു കെണികൾവച്ചു.



**കാർമ്മി:** ദൈവമേ, ഞങ്ങൾ നിന്നെയാരാധിപ്പൂ;
സാദരം ഞങ്ങൾ നിന്നെപ്പുകഴ്ത്തീടുന്നു;
ആശ്രയം നല്കി ഞങ്ങളിൽ വാണിടേണം,
സന്തതം ഞങ്ങളേ നീ കാത്തിടേണം.

**സമൂ:** ദൈവമേ ഞങ്ങളേ നീ കാത്തിടേണം.
നിത്യവും നിൻ വരങ്ങൾ നല്കിടേണം.

## സങ്കീർത്തനം (57)

*(രണ്ടു ഗണമായി ചൊല്ലുന്നു).*

ദൈവമേ, ഞാൻ അങ്ങയെ ആശ്രയിക്കുന്നു.
എന്നോടു കരുണ തോന്നണമേ.

ആപത്തുകൾ ഒഴിയുന്നതുവരെ
അങ്ങേ ചിറകുകളുടെ കീഴിൽ
എന്നെ സംരക്ഷിച്ചുകൊള്ളണമേ.

ഉന്നതനായ ദൈവത്തെ ഞാൻ വിളിക്കും;
അവിടുന്ന് എപ്പോഴും എന്നെ സഹായിക്കും.

സ്വർഗ്ഗത്തിൽ നിന്നു കൈനീട്ടി
അവിടുന്ന് എന്നെ രക്ഷിക്കട്ടെ.

ദൈവം എന്നെ അനുഗ്രഹിച്ച്
തൻെറ വാഗ്ദാനം പൂർത്തിയാക്കട്ടെ.

എൻെറ ഹൃദയം ഒരുങ്ങിനില്ക്കുന്നു;
ദൈവമേ, എൻെറ ഹൃദയം ഒരുങ്ങിനില്ക്കുന്നു.

ഞാൻ പാട്ടുകൾ പാടുകയും
അങ്ങയുടെ കീർത്തനമാലപിക്കുകയും ചെയ്യും.

എൻെറ ആത്മാവേ, ഉണരുക;
വീണകളെ, കിന്നരങ്ങളേ, ഉണരുവിൻ.

കർത്താവേ, ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ
ഞാൻ അങ്ങയെ പാടിസ്തുതിക്കും.

എന്തുകൊണ്ടെന്നാൽ അങ്ങേ കാരുണ്യം
ആകാശം പോലെ വിശാലമാകുന്നു.

അങ്ങേ പരമമായ വിശ്വസ്തത
വാനോളം ഉയർന്നു നില്ക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും ആമ്മേൻ.

*(കാർമ്മികൻ ധൂപം വെഞ്ചരിക്കുമ്പോൾ)*

**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അങ്ങയുടെ പ്രസാദത്തിനും മനുഷ്യവർഗ്ഗത്തിൻെറ പാപങ്ങളുടെ മോചനത്തിനുമായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ ആരാധ്യമായ ത്രിത്വത്തിൻെറ നാമത്തിൽ ആശീർവ്വദിക്കപ്പെടട്ടെ.

*(കാർമ്മികൻ അൾത്താര ധൂപിക്കുമ്പോൾ)*

## ധൂപാർപ്പണ ഗാനം

**സമൂ:** മിശിഹാകർത്താവേ, നരകുലപാലകനേ
ഞങ്ങളണച്ചിടുമീ പ്രാർത്ഥന തിരുമുമ്പിൽ
പരിമളമിയലും ധൂപംപോൽ
കൈക്കൊണ്ടരുളേണം.

*(ധൂപിക്കൽ കഴിഞ്ഞ്).*

**കാർമ്മി:** നിത്യനായ ദൈവമേ, നിത്യവും നീ ഞങ്ങളിൽ
കനിവിയന്നു ചിന്തിടും ദാനങ്ങൾക്കായ്
വിനയമോടു ഞങ്ങൾ നിന്നെ വാഴ്ത്തുന്നു.
മോദമോടു സാദരം പുകഴ്ത്തീടുന്നു.

**സമൂ:** ജാതമോദമെന്നും നിന്നെ വാഴ്ത്തുന്നു.

**കാർമ്മി:** അഖിലലോകനായകാ, വാഴ്ത്തിടുന്നു ഞങ്ങൾ
ഈശോ നാഥാ, പുകഴ്ത്തിടുന്നു ഞങ്ങൾ.

**സമൂ:** നീയല്ലോ ശരീരങ്ങൾക്കുയിർപ്പേകുന്നു;
നീ തന്നെയാത്മാവിനു രക്ഷയേകുന്നു.



**കാർമ്മി:** സത്യമായ് ലോകനാഥാ, നീ
ശരീരങ്ങൾക്കുയിർപ്പേകുന്നു;
ആത്മാക്കൾക്കെന്നും നീ രക്ഷയേകുന്നു;
ജീവിതം നിരന്തം നീ പാലിക്കുന്നു;
നന്ദിയോടെ ഞങ്ങൾ നിന്നെയാരാധിപ്പൂ
വിനയമോടെ ഞങ്ങൾ നിന്നെ പുകഴ്ത്തീടുന്നു.

**സമൂ:** നന്ദിയോടെ ഞങ്ങൾ ഞങ്ങൾ നിന്നെ യാരാധിപ്പൂ
വിനയമോടെ ഞങ്ങൾ നിന്നെ പുകഴ്ത്തീടുന്നു.

*(സമൂഹം രണ്ടു ഗണമായി പാടുന്നു).*

## ആദിഗീതം

സന്തതമുയരുന്നെൻ കണ്ണുകളഖിലേശാ
നിൻതിരുസന്നിധിയിൽ വന്നവ ചേരുന്നു;
നീതാനല്ലോ വിലയേറും ജന്മമെനിക്കേകി.

രോഗമലട്ടുന്നു, നല്കണമാരോഗ്യം
കദനം തിങ്ങുന്നു, ചിരിയണമാശ്വാസം
കാരുണ്യത്തിൻ വിളനിലമേ, നീതാനവലംബം.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ അനന്തമായ കാരുണ്യവും നിരന്തരമായ സംരക്ഷണവുമോർത്തു ഞങ്ങൾ അങ്ങയെ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. പിതാവു പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## സായഹ്ന സങ്കീർത്തനങ്ങൾ

*(സമൂഹം രണ്ടു ഗണമായി ചൊല്ലുന്നു).*

ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു
കർത്താവേ, എനിക്കുത്തരമരുളേണമേ.

എൻെറ പ്രാർത്ഥന സ്വീകരിക്കണമേ;
പരിമള ധൂപംപോലെ
അത് അങ്ങേപ്പക്കലേക്കുയരട്ടെ.